"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -എക്സൈസ് -ഭരണപരം -എറണാകുളം എക്സൈസ് റേഞ്ച് ക്രൈം.23/2021 നമ്പർ അബ്കാരി കേസിലുൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ 2015 മോഡൽ KL-39-J-5363 നമ്പർ Enjoy Mini Van കൊല്ലം ഇറിഗേഷൻ ഡിവിഷന്റെ കാര്യാലയത്തിലേയ്ക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി സൗജന്യമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.196/2025/TAXES തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-

1. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 15.01.2025 ലെ സി.ഇ.ഐ.എ/177/2025 -ബി7 നമ്പർ അപേക്ഷ.
2. എക്സൈസ് കമ്മീഷണറുടെ 12.02.2025 ലെ ഇ.എക്സ്.സി/615/2025 -എക്സ്.എ4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽ ഉപയോഗത്തിൽ ഉണ്ടായിരുന്ന വാഹനം 15 വർഷം പൂർത്തിയായി കാലപഴക്കം മൂലം ഉപയോഗയോഗ്യമല്ലാത്തതിനാൽ ലേലം ചെയ്തിട്ടുള്ളതാണെന്നും ടി കാര്യാലയത്തിൽ ഡ്രൈവർ തസ്തികയിൽ ഡ്രൈവർ നിലവിലുണ്ടെന്നും, ആയതിനാൽ ഇറിഗേഷൻ ഡിവിഷൻ കൊല്ലം കാര്യാലയത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഔദ്യോഗിക ആവശ്യത്തിലേയ്ക്ക് എക്സൈസ് വകുപ്പിലെ പിടിച്ചെടുക്കപ്പെട്ട ഉപയോഗയോഗ്യമായ വാഹനം അനുവദിച്ചുനൽകുന്നതിനായി പരാമർശം (1) പ്രകാരം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അപേക്ഷ സമർപ്പിക്കുകയുണ്ടായി.എറണാകുളം എക്സൈസ് റേഞ്ച് ക്രൈം.23/2021 നമ്പർ അബ്കാരി കേസിലുൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ 2015 മോഡൽ KL-39-J-5363 നമ്പർ Enjoy Mini Van കൊല്ലം ഇറിഗേഷൻ ഡിവിഷന്റെ കാര്യാലയത്തിലേയ്ക്ക് അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.എറണാകുളം എക്സൈസ് റേഞ്ച് ക്രൈം.23/2021 നമ്പർ അബ്കാരി കേസിലുൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ 2015 മോഡൽ KL-39-J-5363 നമ്പർ Enjoy Mini Van കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾസിലെ റൂൾ 23 പ്രകാരം കൊല്ലം ഇറിഗേഷൻ ഡിവിഷന്റെ കാര്യാലയത്തിലേയ്ക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി സൗജന്യമായി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷജില എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്-ഇ.ആർ.എസ്.എ ) കേരളം, തിരുവനന്തപുരം.

3.ചീഫ് എഞ്ചിനീയർ,ജലസേചനവും ഭരണവും,തിരുവനന്തപുരം.

4.ജലവിഭവ വകുപ്പ്(ഫയൽ നം.G&P2/5/2025-WRD പ്രകാരം).

5.വെബ്&ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).

6.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 05-03-2025 16:23:00

സെക്ഷൻ ഓഫീസർ